# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2135 12.02.2013-ൽ മറുപടി

### പോലീസ് കംപ്ലയിന്റ് അതോറിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. ആർ. സെൽവരാജ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) കേരളാ പോലീസ് ആക്ടിലെ വകുപ്പ് 110 (2) - ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പ്രകാരം മുഴുവൻ അംഗങ്ങളെയും ഉൾപ്പെടുത്തി സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി 17.02.2012 - ൽ പൂർണ്ണമായതോതിൽ സർക്കാർ പുനസംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) അതോറിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;<br><br>സി) അതോറിറ്റിയുടെ അധികാര പരിധിയും അന്വേഷണ വിഷയങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം | (ബി) യും (സി) യും സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കെതിരേയുള്ള പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിക്കുന്നതിനുമാണ് അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. പോലീസ് സൂപ്രണ്ടിന്റെയും അതിനുമുകളിലുമുള്ള പോലീസ് ഉദ്യോഗസ്ഥരുടേയും എല്ലാ തരത്തിലുള്ള നടപടി ദൂഷ്യത്തെപ്പറ്റിയുള്ള പരാതികൾ, കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കൽ അല്ലെങ്കിൽ ഏതെങ്കിലുംആളുടെ മരണത്തിന് കാരണമാകൽ അല്ലെങ്കിൽ ഏതെങ്കിലും ആളെ ഗുരുതരമായി പരിക്കേൽപ്പിക്കൽ അല്ലെങ്കിൽ ബലാൽസംഗം എന്നിവ സംബന്ധിച്ച് മറ്റു പദവികളിലുള്ള, ഉദ്യോഗസ്ഥർക്കെതിരെയുള്ള ഗുരുതര സ്വഭാവത്തിലുള്ള പരാതികൾ എന്നിവയാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി പരിശോധിക്കുന്നത്. |
| ഡി) അതോറിറ്റിക്ക് എന്തെല്ലാം അധികാരങ്ങളാണ് നൽകിയിട്ടുള്ളത് ; വിശദമാക്കുമോ ? | ഏതൊരു ആളിനേയും സമൺ ചെയ്യുക, ഹാജരാകുന്നതിന് നിർബന്ധിക്കുക, സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുക, ഏതൊരുരേഖയും കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുക, സത്യവാങ്മൂലത്തിൽ തെളിവ് സ്വീകരിക്കുക മുതലായ സംഗതികളിൽ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾക്ക് ഉണ്ട്. വകുപ്പുതല അന്വേഷണം ആരംഭിക്കുക, ക്രിമിനൽ കേസ്സ് രജിസ്റ്റർ ചെയ്യുക |

എന്നീ കാര്യങ്ങൾ സംബന്ധിച്ച് ഒരു പോലീസ് ഉദ്യോഗസ്ഥനെതിരേ അതോറിറ്റി നൽകുന്ന ശുപാർശ നടപ്പിലാക്കാൻ ബന്ധപ്പെട്ടവർ ബാധ്യസ്ഥരാണ്.

സെക്ഷൻ ഓഫീസർ